ഖുത്ബ
11.03.2005
ബയ്ത്തുൽ ഫുതൂഹ്
ലണ്ടൻ

بسم الله الرحمن الرحيم

# നബി (സ)യുടെ വിനയം.

وَعِبَادُ الرَّحْمٰنِ الَّذِيْنَ يَمْشُوْنَ عَلَى الْأَرْضِ هَوْنًا
وَّإِذَا خَاطَبَهُمُ الْجٰهِلُوْنَ قَالُوْا سَلٰمًا

**അ**ല്ലാഹു തആല പറയുന്നു: പരമകാരുണികനായ അല്ലാഹുവിന്റെ ദാസന്മാർ ഭൂമിയിൽ ശാന്തരായി നടക്കുന്നവരാണ്. അവിവേകികൾ അവരുമായി നേരിട്ടാൽ അവർ സമാധാനം എന്ന് പറഞ്ഞ് ഒഴിയുന്നതാണ്. (25:64)

പരമകാരുണികനായ അല്ലാഹുവിന്റെ ഈ ദാസന്മാരിൽ ഏറ്റവും വലിയ അബ്ദുർറഹ്മാൻ - പരമകാരുണികന്റെ ദാസൻ - അത് നബിമാരുടെ നേതാവ് ഹസ്റത്ത് മുഹമ്മദ് മുസ്തഫാ (സ) ആയിരുന്നു. ആ മഹാത്മാവിന്റെ **ഖുവ്വത്തെ ഖുദ്സി** അഥവാ പവിത്രമായ ശക്തി, പരമകാരുണികനായ അല്ലാഹുവിന്റെ ദാസരെ സൃഷ്ടിച്ചെടുത്തു. അഹങ്കാരത്തോടെ ജീവിതം കഴിച്ചുകൂട്ടിയവർക്ക് വിനയത്തിന്റെ മാർഗ്ഗങ്ങൾ കാണിച്ചു. അവരുടെ മനസ്സിൽ നിന്ന് യജമാനനും അടിമയും, സമ്പന്നനും ദരിദ്രനും തമ്മിലുള്ള വ്യത്യാസം ഇല്ലാതാക്കി. ഈ മാറ്റമെല്ലാം ഉണ്ടായതെങ്ങനെയാണ്? ഇത്ര വലിയ മാറ്റം മനസ്സുകളിൽ എങ്ങനെയുണ്ടായി? വെറും പാഠങ്ങൾ പഠിപ്പിച്ചതു കൊണ്ടാണോ? അങ്ങനെയല്ല. പ്രത്യുത, അതിനോടൊപ്പം സ്വയം ദാസത്വത്തിന്റെ ഉന്നതമായ നിലവാരം അവിടന്ന് സ്ഥാപിച്ചു. വിനയത്തിന്റെയും വണക്കത്തിന്റെയും മാതൃക സ്വയം പ്രകടിപ്പിക്കുകയും തന്റെ കർമ്മത്തിലൂടെ അതു തെളിയിച്ചു കാണിക്കുകയും ചെയ്തു; അതായത് എന്റെ ഈ ജീവിതത്തിന്റെ എല്ലാ വശത്തിലും നിങ്ങൾക്കു ഇത് കാണാമെന്ന്.

സമൂഹത്തിലെ ദരിദ്രരോടും ബലഹീനരോടും എന്റെ പെരുമാറ്റം ഈ രീതിയിലാണ്. അവിവേകികളോടും സംസ്കാരശൂന്യരോടുമുള്ള എന്റെ പെരുമാറ്റം ഈ രീതിയിലാണ്. വലിയവരോടും ചെറിയവരോടുമുള്ള എന്റെ പെരുമാറ്റവും ഈ രീതിയിൽ തന്നെയാണ്. ഓരോരുത്തരോടും ഈ രീതിയിലുള്ള പെരുമാറ്റം എന്നിൽ നിങ്ങൾക്കു കാണാൻ കഴിയും. ഇതെല്ലാം കണ്ടുകൊണ്ട് അല്ലാഹു നബി(സ)ന് സർട്ടിഫിക്കറ്റ് നല്കി. **വ ഇന്നക്ക ലഅലാ ഖുലുഖിൻ അളീം.** നാം സത്യം ചെയ്യുന്നു. നീ നിന്റെ അധ്യാപനത്തിലും കർമ്മത്തിലും അങ്ങേയറ്റം മഹത്തായ ധാർമ്മിക ഗുണങ്ങളിൽ നിലകൊള്ളുന്നു. പക്ഷെ, അല്ലാഹുവിന്റെ ഈ സാക്ഷ്യം, നബി(സ)യിൽ വിനയം വീണ്ടും വർധിപ്പിക്കുകയാണ് ചെയ്തത്.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് ഹുസയ്ൻ ബിൻ അലി (റ) പറയുന്നു. നബികരീം (സ) പറയാറുണ്ടായിരുന്നു: എനിക്കുള്ളതിനെക്കാളധികം നിങ്ങളെന്നെക്കുറിച്ച് മറ്റുള്ളവരോട് പറയാതിരിക്കുക. കാരണം അല്ലാഹു ആദ്യം എന്നെ ദാസനാക്കുകയും പിന്നീട് റസൂലാക്കുകയുമാണ് ചെയ്തത്.

തന്നെ അതിരുവിട്ട് സ്നേഹിച്ച ഒരാളുടെ സംസാരത്തിന്റെ അടിസ്ഥാനത്തിലാണ് ഹസ്റത്ത് ഹുസയ്ന്റെ ഈ വിവരണം വന്നിട്ടുള്ളത്. അവിടന്ന് പറഞ്ഞു: എന്നെക്കുറിച്ച് താങ്കളുടെ ഈ പദപ്രയോഗങ്ങൾ കേൾക്കുമ്പോൾ നബി(സ) തന്നെക്കുറിച്ച് പറഞ്ഞിട്ടുള്ള കാര്യങ്ങൾ എനിക്കോർമ വരികയാണ്; അതായത് എനിക്കുള്ളതിനെക്കാളധികം നിങ്ങൾ എന്നെക്കുറിച്ച് മറ്റാരോടും പറയരുത്. തന്റെ സന്താനങ്ങളിലും സന്താനങ്ങളുടെ സന്താനങ്ങളിലും നബി (സ) സൃഷ്ടിച്ച വിനയത്തിന്റെ ഉന്നതമായ നിലവാരമായിരുന്നു ഇത്. ഓർമിക്കുക, ഞാനും അല്ലാഹുവിന്റെ ഒരു ദാസനാണ്. അതായത് **ബശറുൻമ്മിഥ്ലുക്കും** എന്ന് വ്യക്തമാക്കിക്കൊടുത്തു. അവിടന്ന് പറഞ്ഞു: അല്ലാഹുവിന്റെ ഔദാര്യമാണിത്. അവൻ എന്നിൽ വെളിപാടിറക്കി. തന്റെ റസൂലാക്കി. ഈ ഉന്നതനിലയിലുള്ള നിർദ്ദേശവും അവിടത്തെ പ്രതികരണവും അവിടത്തെ സ്ഥാനം വീണ്ടും ഉന്നതമാക്കിത്തീർക്കുന്നു. അവിടന്ന് സമ്പൂർണ്ണമനുഷ്യനായിരുന്നു. അതുകൊണ്ട്, എന്നെ അല്ലാഹുവിന്റെ ദാസനായിത്തന്നെ കരുതണമെന്ന് അവിടന്ന് സമ്മർദ്ദം ചെലുത്തി.

ഇതു സംബന്ധിച്ച് മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് ഉമർ(റ) പറയുന്നു: നബി(സ) ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടു. ക്രിസ്ത്യാനികൾ മർയമിന്റെ മകനെ പുകഴ്ത്തുന്നതുപോലെ നിങ്ങളെന്നെ കൂടുതൽ പുകഴ്ത്തരുത്. ഞാൻ അല്ലാഹുവിന്റെ ദാസൻ മാത്രമാണ്. നിങ്ങളെന്നെക്കുറിച്ച് ഞാൻ അല്ലാഹുവിന്റെ ദാസനും അവന്റെ റസൂലും മാത്രമാണെന്ന് പറയുക.

പറഞ്ഞു: ഞാനൊരു നിസ്സാരനായ മനുഷ്യനാണ്. ഒരു ബശറാണ്. അല്ലാഹുവിന്റെ ദാസനാണ്. അല്ലാഹുവിന്റെ റസൂലായ കാരണത്താൽ, അല്ലാഹുവിന്റെ കല്പനയിലൂടെ നടന്ന് നിങ്ങളെന്നെ പിൻപറ്റേണ്ടതാണ്. കാരണം അല്ലാഹു തന്റെ അവസാന ശരീഅത്ത് എന്നിലിറക്കിയിരിക്കുന്നു. ഈ പരിപൂർണ്ണവും തികവുറ്റതുമായ അധ്യാപനവും വിളിച്ചോതുന്നത്, അല്ലാഹുവിന്റെ സ്ഥാനത്തെ മനുഷ്യന്റെ

സ്ഥാനവുമായി കൂട്ടിച്ചേർക്കരുതെന്നാണ്. ക്രിസ്ത്യാനികളെപ്പോലെ നിങ്ങളാകരുത്. അവർ അല്ലാഹുവിന്റെ നബിയായിരുന്ന - അതും പരിമിതമായ ജനതയിൽ വന്ന ഒരു നബി - ഒരു പാവം മനുഷ്യനെ ദൈവപുത്രനാക്കിക്കളഞ്ഞു. നബി(സ)യോടുള്ള അനുസരണം അല്ലാഹുവിനോടുള്ള അനുസരണമാണെന്ന് പറഞ്ഞിരിക്കെയാണ് അവിടന്ന് ഇങ്ങനെ പറഞ്ഞത്. എന്നാൽ, ഇതിൽനിന്ന് തന്റെ സ്ഥാനം ദാസൻ എന്ന നിലയെക്കാൾ ഉയർന്നിരിക്കുന്നുവെന്ന് കരുതരുതെന്ന് അവിടന്ന് തന്റെ ഉമ്മത്തിനെ ഉപദേശിച്ചു.

ഹസ്റത്ത് മസീഹ് മൗഊദ് (അ) ഇതു സംബന്ധമായി പറയുന്നു: **ഖുൽ ഇന്നമാ അന ബശറുൻമ്മിഥ്ലുക്കും** നമ്മുടെ നബികരീം(സ)നെക്കാൾ ദുനിയാവിൽ മറ്റൊരു മനുഷ്യനും പൂർണ്ണമായ മാതൃകയില്ല. ഇനി ഖിയാമത്തുന്നാൾവരെ ഉണ്ടാകുകയുമില്ല. എന്നാൽ, നോക്കുക ദിവ്യദൃഷ്ടാന്തങ്ങൾ കാണിക്കാനുള്ള കഴിവ് നല്കപ്പെട്ടിട്ടും നബി(സ)യോടൊപ്പം എപ്പോഴും ദാസത്വം നിലനിന്നു. ആവർത്തിച്ചാവർത്തിച്ച് **ഇന്നമാ അന ബശറുൻ** എന്നു പറഞ്ഞുകൊണ്ടിരുന്നു. എത്രത്തോളമെന്നാൽ, കലിമയെ തൗഹീദിലും ദാസത്വത്തിന്റെ സമ്മതം ഒരു നിർബന്ധമാക്കപ്പെട്ടു. ഇതു അംഗീകരിക്കാതെ ഒരു മുസൽമാൻ മുസൽമാനായിരിക്കുകയില്ല. ചിന്തിക്കുക, വീണ്ടും ചിന്തിക്കുക. സാമീപ്യത്തിന്റെ ഉത്തുംഗസ്ഥാനം പ്രാപിച്ചിട്ടും സമ്പൂർണ്ണമാർഗ്ഗദർശിയായ നബി(സ)യുടെ ജീവിതരീതി, ദാസനെന്ന നില കൈവിടാതെ നമുക്ക് പാഠം നല്കിക്കൊണ്ടിരിക്കുന്ന ഈ അവസ്ഥയിൽ മറ്റാർക്കെങ്കിലും അതിനെക്കാൾ വലിയ സ്ഥാനം പ്രാപിക്കാൻ കഴിയുമെന്നുള്ള വിചാരം തന്നെ എത്രമാത്രം നിർത്ഥകവും വ്യർത്ഥവുമാണ്.

നിത്യജീവിതത്തിൽ അഭിമുഖീകരിക്കേണ്ടിവരുന്ന കാര്യങ്ങളിലും ഉമ്മത്തിന്റെ ശിക്ഷണത്തിനായിട്ടുള്ള ഒരവസരവും നബി(സ) പാഴാക്കിക്കളഞ്ഞില്ല. അതിലെല്ലാം അവിടന്ന് മനുഷ്യനാണെന്നും വിനയാന്വിതനാണെന്നുമുള്ള പ്രകടനം തന്നെയാണ് ഉണ്ടായിരുന്നത്. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ) നിവേദനം ചെയ്യുന്നു. ഒരിക്കൽ നബി(സ) നമസ്കരിപ്പിച്ചു. അതു കൂടുകയോ കുറയുകയോ ചെയ്തു. സലാം വീട്ടിയപ്പോൾ, നമസ്കാരത്തിന് പുതിയ കല്പന വല്ലതും ഇറങ്ങീട്ടുണ്ടോ എന്ന് ചോദിക്കപ്പെട്ടു. ഇയാൾ എന്താണെന്ന് പറയുന്നതെന്ന് നബി(സ) ചോദിച്ചു. അങ്ങ് ഇത്രയും നമസ്കരിച്ചുവെന്ന് സ്വഹാബത്ത് പറഞ്ഞു. ഇതുകേട്ടുകൊണ്ട് അവിടന്ന് ഖിബ്ലയുടെ ഭാഗത്തേക്ക് തിരിഞ്ഞു. രണ്ടു സുജൂദ് ചെയ്തു; സഹ്‌വിന്റെ സുജൂദ്. പിന്നീട് സലാം വീട്ടി. ഞങ്ങളിലേക്ക് മുഖം തിരിച്ചുകൊണ്ടു പറഞ്ഞു: നമസ്കാരത്തെ സംബന്ധിച്ച് പുതിയ കല്പന എന്തെങ്കിലും ഇറങ്ങിയിരുന്നെങ്കിൽ ഞാൻ തീർച്ചയായും അത് നിങ്ങളോട് പറയുമായിരുന്നു. പക്ഷേ, ഞാനും നിങ്ങളെപ്പോലെ ഒരു മനുഷ്യനാണ്. നിങ്ങൾ മറന്നുപോകുന്നതുപോലെ ഞാനും മറന്നുപോകുന്നു. ഞാൻ മറന്നുപോയാൽ എന്നെ ഓർമിപ്പിക്കുക. നമസ്കരിക്കുമ്പോൾ നിങ്ങളിലാർക്കെങ്കിലും എത്ര റക്അത്ത് നമസ്കരിച്ചു എന്നതിൽ സംശയമുണ്ടായാൽ, ഉറപ്പുള്ള കാര്യത്തെ സ്വീകരിക്കേണ്ടതാണ്. സഹ്‌വിന്റെ സുജൂദും ചെയ്യുക.

ഹസ്റത്ത് ഉമ്മുസൽമ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: ഞാനൊരു മനുഷ്യനാണ്. നിങ്ങളെന്നോട് അന്യായം ബോധിപ്പിക്കാറുണ്ട്. നിങ്ങളിൽ ചിലർ മറ്റു ചിലരെക്കാൾ തന്റെ തെളിവുകൾ ഉദ്ധരിക്കുന്നതിൽ വലിയ സമർത്ഥരായിരിക്കും. ഞാനാവട്ടെ കേൾക്കുന്നതനുസരിച്ച് അവന്ന് വിധിക്കുകയും ചെയ്യും. അതുകൊണ്ട് ആർക്കെങ്കിലും തന്റെ സഹോദരന്റെ അവകാശം ഞാൻ വീതിച്ചുതന്നാൽ നരകത്തിൽ നിന്നൊരു ഭാഗമായിരിക്കും ഞാനവന് വീതിച്ചുകൊടുക്കുന്നത്.

അവിടന്ന് പരിപൂർണ്ണ മനുഷ്യനാണെന്ന് അല്ലാഹു സാക്ഷി പറഞ്ഞിട്ടും പരിപൂർണ്ണമനുഷ്യന്റെ സൂക്ഷ്മബുദ്ധിയും ഉന്നത നിലയിലുള്ളതായിരിക്കുമെന്നതിൽ സംശയവുമില്ല, ആ സൂക്ഷ്മ ബുദ്ധികൊണ്ട് സത്യമേതാണ് അസത്യമേതാണ് എന്ന് തീർച്ചയായും നബി(സ)ക്ക് വിവേചിച്ചെടുക്കാനും സാധിക്കുമായിരുന്നു, പക്ഷെ, ഒരു മനുഷ്യനാണെന്നുള്ള ബോധം എത്രമാത്രമായിരുന്നു നബിയിൽ ഉണ്ടായിരുന്നതെന്നുവെച്ചാൽ അവിടന്ന് പറഞ്ഞു, എന്നെക്കൊണ്ട് തെറ്റായ വിധി പുറപ്പെടുവിച്ചാൽ തീയുടെ കഷണം തിന്നുകയായിരിക്കും.

ഇന്നു നോക്കുക, സാധാരണ ബുദ്ധിയുള്ള ഒരു മനുഷ്യനെ തീരുമാനമെടുക്കാൻ അനുവദിച്ചാൽ അവൻ പറയും, നിന്റെ സംസാരത്തിൽനിന്ന് സത്യമേതാണ് അസത്യമേതാണ് എന്നെനിക്ക് മനസ്സിലാക്കാൻ കഴിയുമെന്ന്. എന്നാൽ, കരുതലോടെയുള്ള രീതിയായിരുന്നു നബി(സ) സ്വീകരിച്ചിരുന്നത്.

വിനയവും വണക്കവും ജനങ്ങളോട് എങ്ങനെയായിരുന്നു അവിടന്ന് കാണിച്ചിരുന്നതെന്ന് നമുക്ക് നോക്കാം. ഹസ്റത്ത് ആയിശ(റ) നിവേദനം ചെയ്യുന്നു. മനോഹരമായ ധാർമികഗുണങ്ങളുടെ ഉടമസ്ഥനായി നബി(സ) അല്ലാതെ മറ്റാരുമുണ്ടായിരുന്നില്ല. സ്വഹാബിമാരിൽ ആരെങ്കിലുമോ അഹലുൽ ബൈത്തിൽപ്പെട്ട ആരെങ്കിലുമോ നബി(സ)യെ വിളിച്ചാൽ ‘ഞാനിതാ വരുന്നു’ എന്ന മറുപടി അവിടന്ന് പറയാതിരുന്നിട്ടില്ല. ഹസ്റത്ത് ആയിശ(റ) പറയുന്നു. ഇക്കാരണത്താലാണ് വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നത്. **വ ഇന്നക്ക ലഅലാ ഖുലുഖിൻ അളീം.** നീ മഹത്തായ ധാർമികഗുണങ്ങളിൽ നിലകൊള്ളുന്നു. നോക്കുക, ഇരുലോകത്തെയും രാജാവും അല്ലാഹുവിന് ഏറ്റവും പ്രിയപ്പെട്ട വ്യക്തിയും അവസാ

നത്തെ പ്രവാചകനുമാണ് നബി(സ). എന്നാൽ, അവിടത്തെ വിനയം നിങ്ങൾ നോക്കൂ. ആരെങ്കിലും വിളിച്ചാൽ ഒരു സാധാരണക്കാരനെപ്പോലെ അവിടന്ന് ഉത്തരം നല്കുന്നു. സാധാരണക്കാരനെക്കാളുപരി വിനയം കാണിക്കുന്നു.

ഹസ്റത്ത് അബൂഉമാമ (റ) പറയുന്നു. ഒരിക്കൽ നബി(സ) തിരുമേനി വടികുത്തിക്കൊണ്ട് ഞങ്ങളുടെ അടുത്തേക്ക് നടന്നുവരുന്നത് ഞങ്ങൾ കണ്ടു. ഞങ്ങൾ നബിയെ കണ്ടുകൊണ്ട് ആദരവോടെ എഴുന്നേറ്റു നിന്നു. അപ്പോൾ എഴുന്നേല്ക്കണ്ട അവിടെത്തന്നെ ഇരുന്നുകൊള്ളുക എന്ന് അവിടന്ന് പറഞ്ഞു. അജമികൾ (അനറബികൾ) അന്യോന്യം ബഹുമാനിക്കുവാൻ എഴുന്നേറ്റു നില്ക്കുന്നതുപോലെ നിങ്ങൾ ചെയ്യരുത്. എന്നിട്ട് അവിടന്ന് പറഞ്ഞു. ഞാനൊരു ദാസനാണ്. ദാസന്മാർ ഭക്ഷിക്കുന്നതുപോലെ ഞാൻ ഭക്ഷിക്കുകയും അവർ ഇരിക്കുന്നതുപോലെ ഇരിക്കുകയും ചെയ്യുന്നു.

ഹസ്റത്ത് ഹസൻബിൻ അലി (റ) നിവേദനം ചെയ്യുന്നു. നബി(സ) ആരെയെങ്കിലും തിരിഞ്ഞ് നോക്കുകയാണെങ്കിൽ പൂർണ്ണമായും തിരിഞ്ഞുനോക്കുമായിരുന്നു. ദൃഷ്ടി സദാ താഴോട്ടായിരുന്നു. അന്തരീക്ഷത്തെ അപേക്ഷിച്ച് താഴേക്ക് അവിടത്തെ ദൃഷ്ടി കൂടുതൽ പതിഞ്ഞിരുന്നു. പകുതി അടഞ്ഞ കണ്ണുകൾ കൊണ്ടാണ്അവിടന്ന് നോക്കിയിരുന്നത്. തന്റെ സ്വഹാബത്തിന്റെ പിന്നിൽ നടക്കുകയും. അവരെ ശ്രദ്ധിക്കുകയും ചെയ്തു. കാണുന്ന ഓരോരുത്തർക്കും മുന്നിട്ട് സലാം പറയുമായിരുന്നു.

സ്വഹാബിമാരുമൊത്ത് ഇത്രമാത്രം കൂടിക്കുഴഞ്ഞുള്ള അവിടത്തെ ഇരുത്തം, പുതിയതായി വരുന്ന ചിലരിൽ നബിയെ തിരിച്ചറിയുന്നകാര്യത്തിൽ പ്രയാസം സൃഷ്ടിച്ചിരുന്നു. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി(സ) ഹിജ്റത്ത് ചെയ്ത് മദീനയിൽ വന്നപ്പോൾ ഉച്ചനേരമായിരുന്നു. കഠിനമായ വെയിലുണ്ടായിരുന്നു. നബി(സ) ഒരു മരത്തിന്റെ അടുത്തിരുന്നു. ജനങ്ങൾ കൂട്ടം കൂട്ടമായി വരാൻ തുടങ്ങി. നബി(സ)യോടൊപ്പം ഹസ്റത്ത് അബൂബക്കർ (റ) ഉം ഉണ്ട്. മദീനക്കാർ പറയുന്നു: ഞങ്ങളിൽ മിക്കവരും നബി(സ) യെ അതിനുമുമ്പേ കണ്ടിരുന്നില്ല. ജനങ്ങൾ നബിയുടെ അടുത്തേക്ക് വരാൻ തുടങ്ങി. എന്നാൽ, അബൂബക്കർ കാരണത്താൽ നബിയെ അവർ തിരിച്ചറിഞ്ഞില്ല. ആരാണ് നബി, ആരാണ് അബൂബക്കർ എന്ന് തിരിച്ചറിയുന്നത് പ്രയാസമായി. നബി(സ) അങ്ങേയറ്റം വണക്കത്തോടും വിനയത്തോടും കൂടി ഇരിക്കുകയായിരുന്നു. എത്രമാത്രമെന്നാൽ എല്ലാവരും ഹസ്റത്ത് അബൂബക്കർ (റ)നെ നബി(സ) എന്ന് തെറ്റുധരിച്ചു. ഹസ്റത്ത് അബൂബക്കർ(റ)ന് ഇതു മനസ്സിലായപ്പോൾ എഴുന്നേറ്റുനിന്ന് തന്റെ ചാദുർ കൊണ്ട് നബിയ്ക്ക് തണൽ വിരിച്ചു. അപ്പോഴാണ് നബി(സ)നെ ആളുകൾ തിരിച്ചറിഞ്ഞത്.

അവിടത്തെ പരമമായ വിനയാവസ്ഥ വിവരിക്കുന്ന മറ്റൊരു നിവേദനം ഇങ്ങനെ ലഭിക്കുന്നുണ്ട്. ഹസ്റത്ത് അനസ് (റ) നിവേദനം ചെയ്യുന്നു. ഒരാൾ വന്ന് നബി(സ)യോട് പറഞ്ഞു: ഏ മുഹമ്മദ്! (സ). ഞങ്ങളിൽ ഏറ്റവും ഉത്തമനായിട്ടുള്ളവരേ! ഞങ്ങളിൽ ഏറ്റവും ഉത്തമരായിട്ടുള്ള വ്യക്തികളുടെ സന്താനപാരമ്പര്യമുള്ളവരേ! ഞങ്ങളുടെ നേതാവേ! ഞങ്ങളുടെ നേതാക്കളുടെ സന്താനപരമ്പരയിലുള്ളവരേ! ഇതു കേട്ടുകൊണ്ട് നബി(സ) പറഞ്ഞു: താങ്കൾക്കെന്താണ് പറയാനുള്ളതെന്നുവെച്ചാൽ അതു പറയുക. ശയ്ത്വാൻ നിന്നെ അഭയം പ്രാപിക്കാതിരിക്കട്ടെ. ഞാൻ മുഹമ്മദുബിൻ അബ്ദില്ലാഹ് ആകുന്നു; അല്ലാഹുവിന്റെ റസൂലും. അല്ലാഹു നിശ്ചയിച്ചിട്ടുള്ള ഈ സ്ഥാനത്തെക്കാളുപരി എന്റെ സ്ഥാനം ഏച്ചുകൂട്ടി പറയുന്നത് ഞാനിഷ്ടപ്പെടുന്നില്ല.

വന്നയാൾ പറഞ്ഞകാര്യം മുഴുവനും സത്യമായിരുന്നു. ഒന്നുപോലും തെറ്റായിരുന്നില്ല. പക്ഷെ, ഇങ്ങനെ പുകഴ്ത്തുന്നത് അവിടത്തെ വിനയം ഒരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല. അതുകൊണ്ടാണ് ക്ഷണത്തിൽ അത് തടഞ്ഞത്. ഏതെങ്കിലും രാജാവിന്റെ സന്നിധിയിൽ പോയാൽ, എന്നല്ല ഏതെങ്കിലും മുതലാളിയുടെ അടുക്കൽ പോയാൽ അയാളെ സ്തുതിക്കാത്തിടത്തോളം നിങ്ങളുടെ ആവശ്യം കേൾക്കാൻ അവർ താല്പര്യം കാണിക്കുകയില്ല. എല്ലായിടത്തും ഇങ്ങനെത്തന്നെയായിരിക്കും സംഭവിക്കുക അത് ആത്മാർത്ഥതയില്ലാത്തതും അതിശയോക്തി നിറഞ്ഞതുമായിരിക്കും. എന്നാൽ നബി(സ)യെക്കുറിച്ച് പറയുന്നതെല്ലാം സത്യമായിരുന്നിട്ടുപോലും അവിടന്ന് അങ്ങനെ പറയരുതെന്ന് വിലക്കുന്നു.

നബി(സ)ന് തന്റെ ഉന്നത പദവിയെക്കുറിച്ച് നല്ലവണ്ണം അറിയാമായിരുന്നു. എന്നാൽ, അതിനെക്കാളുപരിയായിരുന്നു അവിടത്തെ വിനയം. ഹസ്റത്ത് അബൂസയിദ് (റ) നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു. ഞാൻ ആദം സന്തതികളുടെ നേതാവാണ്. പക്ഷെ, പുകഴ്ത്തിപറയേണ്ട ഒരു കാര്യവും ഇതിലില്ല. ഖിയാമത്തുന്നാൾ ഏറ്റവുമാദ്യം എന്റെ ഖബ്ർ തുറക്കപ്പെടുന്നതാണ്. പക്ഷെ, പുകഴ്ത്തിപ്പറയേണ്ട ഒരു കാര്യവും ഇതിലില്ല. ഖിയാമത്തുന്നാൾ ഏറ്റവുമാദ്യം ശിപാർശ ചെയ്യുന്നവനും ഞാനായിരിക്കും. എന്റെ ശിപാർശയായിരിക്കും ഏറ്റവുമാദ്യം സ്വീകരിക്കപ്പെടുന്നതും. പക്ഷെ, പുകഴ്ത്തിപ്പറയേണ്ട ഒരു കാര്യവുമിതിലില്ല. ഖിയാമത്തുന്നാൾ സ്തുതിയുടെ പതാക എന്റെ കൈയിലായിരിക്കും. എന്നാൽ, ഇതിലും പുകഴ്ത്തിപ്പറയേണ്ട ഒരു കാര്യവുമില്ല.

യാത്രയിലോ യുദ്ധത്തിൽ പങ്കെടുക്കാൻ പോകുമ്പോഴോ യാത്രാ വാഹനത്തിന്റെ കുറവുമൂലം ഒന്നിലധികമാളുകൾ ഒരു ഒട്ടകപ്പുറത്ത് ഊഴമനുസരിച്ച് യാത്ര ചെയ്യുക പതിവായിരുന്നു. നബി(സ) തിരുമേനിയും അതിഷ്ടപ്പെട്ടിരുന്നു. നിവേദനങ്ങളിൽ

വന്നിരിക്കുന്നു. ബദ്ർ യുദ്ധാവസരത്തിൽ സവാരിക്കുള്ള മൃഗം എഴുപതെണ്ണമേ ഉണ്ടായിരുന്നുള്ളൂ. സ്വഹാബിമാർക്കെല്ലാം അതിൽ യാത്ര ചെയ്യാൻ പറ്റുമായിരുന്നില്ല. അങ്ങനെ മുമ്മൂന്നും നന്നാലും സ്വഹാബിമാർ ഊഴമനുസരിച്ച് അവയിൽ യാത്ര ചെയ്തു. നബി(സ) തിരുമേനിക്കും പ്രത്യേകമായ ഒട്ടകം ഉണ്ടായിരുന്നില്ല. നബി(സ) തിരുമേനിയും ഹസ്റത്ത് അലിയും മർസദ് ബിൻ അബീ മർസദും ഒരു ഒട്ടകപ്പുറത്ത് മാറിമാറി യാത്ര ചെയ്തു. ഒറ്റയ്ക്ക് യാത്ര ചെയ്യാൻ എത്ര നിർബന്ധിച്ചിട്ടും നബി(സ) അത് സമ്മതിച്ചില്ല. അവിടന്ന് പറഞ്ഞു. ഊഴമനുസരിച്ച് തന്നെയായിരിക്കും നാം യാത്ര ചെയ്യുക.

നിവേദനത്തിൽ വന്നിരിക്കുന്നു. അബ്ദുല്ലാഹിബ്നു ജുബൈർ (റ) നിവേദനം ചെയ്യുന്നു. ഒരിക്കൽ നബി(സ) തന്റെ സ്വഹാബത്തിന്റെ കൂടെ പോകുകയായിരുന്നു. നബി(സ)ന് തുണികൊണ്ട് തണൽ വിരിക്കപ്പെട്ടു. തണൽ കണ്ട് തല ഉയർത്തിയപ്പോൾ തനിയ്ക്ക് മീതെ തുണി ഉയർത്തിപ്പിടിച്ചിരിക്കുന്നത് അവിടന്ന് കണ്ടു. നബി(സ) പറഞ്ഞു. അത് വേണ്ട. അങ്ങനെ, തുണി എടുത്ത് മടക്കിവെക്കുകയും ചെയ്തു. അവിടന്ന് പറഞ്ഞു. ഞാനും നിങ്ങളെപ്പോലുള്ള ഒരു മനുഷ്യനാണ്.

ഒരു യാത്രയുടെ വിവരണം മറ്റൊരു നിവേദനത്തിൽ ഇങ്ങനെ വന്നിരിക്കുന്നു. നബി(സ) തന്റെ സ്വഹാബിമാരുമൊത്ത് യാത്ര പോകുകയായിരുന്നു. ഭക്ഷണം തയ്യാറാക്കേണ്ട സമയം എത്തി. ഓരോരുത്തരും ജോലികളേറ്റെടുത്തു. ചിലർ ആടിനെ അറുക്കാമെന്ന് പറഞ്ഞു. ചിലർ തൊലി ഉലിക്കാമെന്ന് പറഞ്ഞു. ചിലർ അത് പാകം ചെയ്യാമെന്നേറ്റു. നബി(സ) പറഞ്ഞു. ഞാൻ കാട്ടിൽനിന്ന് വിറക് കൊണ്ടുവരുന്നതാണ്. ഞങ്ങൾ ചെയ്യാനുള്ള പണിയെയുള്ളൂവെന്ന് സ്വഹാബത്ത് പറയുകയും അങ്ങ് ബുദ്ധിമുട്ടുന്നത് എന്തിനെന്ന് അവർ ചോദിക്കുകയും ചെയ്തു. അവിടന്ന് പറഞ്ഞു. അതെനിക്കറിയാം. എന്നാൽ വിവേചനം ഞാനിഷ്ടപ്പെടുന്നില്ല. തന്റെ കൂട്ടുകാരിൽ വിവേചനപ്രൗഢിയോടെ മാറിനില്ക്കാൻ ഇഷ്ടപ്പെടുന്നവനെ അല്ലാഹു തആല ഇഷ്ടപ്പെടുന്നില്ല.

ചില ജോലികൾക്കായി ജോലിക്കാരെ നിശ്ചയിച്ചിരുന്നിട്ടും നബി(സ) സമയം കിട്ടിയാൽ ആ ജോലികളിൽ പങ്കെടുക്കുമായിരുന്നു. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. അബ്ദുല്ലാഹ് (റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറയുന്നു. എന്നോട് ഹസ്റത്ത് അനസ് പറഞ്ഞു. സുബ്ഹി നേരത്ത് ഞാൻ അബൂത്വൽഹയോടൊപ്പം അദ്ദേഹത്തിന്റെ കുട്ടിയ്ക്ക് തൊട്ടുകൊടുക്കുന്നതിന്വേണ്ടി നബിയുടെ അടുക്കൽ പോയി. ആ നേരത്ത് നബി(സ) സക്കാത്തിനത്തിൽവന്ന ഒട്ടകങ്ങളുടെ മേൽ അടയാളമിടുകയായിരുന്നു. ബൈത്തുൽമാലിന്റെ വകയായിരുന്നു ഒട്ടകം. അത് വേർതിരിച്ചറിയുന്നതിനുവേണ്ടിയാണ് നബി(സ) അവയുടെ മേൽ അടയാളമിട്ടത്. ഏല്പിച്ചവർ വന്നിട്ട് ചെയ്തുകൊള്ളുമെന്ന വിചാരത്തിൽ അവിടന്ന് കാത്തുനിന്നില്ല. മറിച്ച് ഒരു ജോലിക്കാരനെപ്പോലെ അവിടന്ന് ആ പ്രവൃത്തി ചെയ്തു.

വീട്ടുജോലികളെ സംബന്ധിച്ചും ഇതുതന്നെയായിരുന്നു അവസ്ഥ. ഒരു സാധാരണക്കാരനെപ്പോലെ അതു ചെയ്യുമായിരുന്നു. അവിടന്ന് പറയുമായിരുന്നു: ഞാൻ നിങ്ങളെപ്പോലെ ഒരു മനുഷ്യനാണ്. സാധാരണക്കാരനെപ്പോലെ തിന്നുകയും കുടിക്കുകയും ഇരിക്കുകയും എഴുന്നേല്ക്കുകയും ചെയ്യുന്ന മനുഷ്യൻ.

മറ്റൊരു നിവേദനത്തിൽ ഹസ്റത്ത് ആയിശ (റ) പറയുന്നു. റസൂൽ കരീം (സ) വീട്ടുകാരെ വീട്ടുജോലികളിൽ സഹായിക്കുമായിരുന്നു. വസ്ത്രം സ്വയം കഴുകുമായിരുന്നു. വീടു തൂത്തുവാരി വൃത്തിയാക്കുമായിരുന്നു. ഒട്ടകത്തെ കെട്ടുമായിരുന്നു. വെള്ളം കൊണ്ടുവരാൻ ഉപയോഗിക്കുന്ന മൃഗങ്ങൾക്ക് തീറ്റ ഇട്ടുകൊടുക്കുമായിരുന്നു. ആടിനെ കറന്നെടുക്കുമായിരുന്നു. തന്റെ സ്വന്തം പണികളും സ്വയം തന്നെ ചെയ്യുമായിരുന്നു. ജോലിക്കാരെക്കൊണ്ട് എന്തെങ്കിലും ജോലി ചെയ്യിച്ചാൽ അവരെ സഹായിക്കുമായിരുന്നു. അവരുമായി ചേർന്നുകൊണ്ട് മാവുകുഴക്കുമായിരുന്നു. അങ്ങാടിയിൽ നിന്ന് സാധനങ്ങളേറ്റി വരുമായിരുന്നു.

വീട്ടിൽ ചെയ്യുന്ന ജോലികൾ പുറത്താർക്കും കാണാൻ കഴിയുകയില്ല. എന്നാൽ, അങ്ങാടിയിൽനിന്ന് സാധനങ്ങളേറ്റി വരുന്നത് നാണക്കേടായി അവിടന്ന് മനസ്സിലാക്കിയില്ല. സാധനങ്ങൾ അങ്ങാടിയിൽനിന്ന് ഏറ്റിവരുമ്പോൾ ആളുകൾ എന്തു പറയുമെന്ന് ചിന്തിച്ചില്ല. അഭിമാനം ഒരുപാട് പ്രകടിപ്പിക്കപ്പെട്ടിരുന്ന സമൂഹത്തിന്നിടയിലാണ് ഇതെന്ന കാര്യം നാം ഓർക്കുക. ആ സമൂഹത്തിൽ ഇതൊക്കെ ചെയ്യുന്നത് നാണക്കേടായി കരുതപ്പെട്ടിരുന്നു. പക്ഷെ, നബി(സ) ഒരിക്കലും ആ വഴിക്ക് ചിന്തിച്ചില്ല. ഹസ്റത്ത് അബൂ മസ്ഊദ് (റ) നിവേദനം ചെയ്യുന്നു: ഒരാൾ നബി(സ) യുടെ അടുക്കൽ വന്നു. നബി(സ) അയോളോടു സംസാരിക്കാൻ തുടങ്ങിയപ്പോൾ അയാൾ വിറയ്ക്കാൻ തുടങ്ങി. അവിടന്ന് പറഞ്ഞു: നിങ്ങൾ നിങ്ങളെ നിയന്ത്രിക്കുക. ഞാൻ രാജാവൊന്നുമല്ല. ഉണക്ക ഇറച്ചിതിന്ന് ജീവിതം കഴിച്ചിരുന്ന ഒരു സ്ത്രീയുടെ മകനാണ് ഞാൻ. ഇങ്ങനെ തന്റെ വിനയം പ്രകടിപ്പിച്ചു. സാധാരണക്കാരനെക്കാളുപരിയായി ആരെങ്കിലും തന്നെ മനസ്സിലാക്കുന്നത് നബി(സ) യ്ക്ക് സഹിക്കുമായിരുന്നില്ല. അത് ഭൗതീകരായ ആളുകളുടെ അടയാളമാണ്. അവർ തങ്ങളെ മറ്റുള്ളവരെക്കാൾ ഉയർന്നതായി മനസ്സിലാക്കുന്നു. ഭൗതീകരായ ആളുകളുടെ മനസ്സിലുള്ള അഹങ്കാരത്തിന്റെ ഫലമായിട്ടാണ് ഇത് ഉണ്ടാകുന്നത്. നബി(സ) വിനയത്തിന്റെ മഹത്തായ ധാർമ്മിക ഗുണത്തിൽ നിലകൊള്ളുന്ന ആളായിരുന്നു. അഹങ്കാരിയായ രാജാവിനെ ഭയപ്പെടുന്നതുപോലെ,

തന്നെ ആരെങ്കിലും ഭയക്കുന്നത് നബി(സ) എങ്ങനെ സഹിക്കാനാണ്.

ഹസ്റത്ത് മസീഹ് മൗഊദ്(അ) ഈ സംഭവം ഇങ്ങനെ വിവരിക്കുന്നു.

നോക്കുക നമ്മുടെ നബി(സ)യുടെ വിജയങ്ങൾ, മറ്റുള്ള പ്രവാചകൻമാർക്കൊന്നും ലഭിക്കാത്ത വിജയങ്ങളായിരുന്നു. എന്നാൽ നബി(സ)യ്ക്ക് എത്ര മാത്രം വിജയങ്ങളാണോ അല്ലാഹു നൽകിയത് അത്ര മാത്രം അവിടന്ന് വിനയന്വിതനായിക്കൊണ്ടിരുന്നു. ഒരിക്കൽ നബി(സ) യുടെ സന്നിധിയിൽ ഒരാളെ പിടിച്ചുകൊണ്ടുവന്നു. അയാൾ വിറയ്ക്കുന്നതായി നബി(സ) കണ്ടു. അയാൾ ഭയപ്പെടുകയായിരുന്നു. അയാൾ അടുത്തു വന്നപ്പോൾ അങ്ങേയറ്റം ശാന്തനായി അവിടന്ന് ചോദിച്ചു. താങ്കളെന്തിനാണ് ഭയപ്പെടുന്നത്. ഞാനും നിങ്ങളെപ്പോലെ മനുഷ്യനാണ്. ഒരു സ്ത്രീയുടെ മകനാണ്.

സമൂഹത്തിലെ പിന്തള്ളപ്പെട്ട ജനവിഭാഗങ്ങളേയും ദരിദ്രരേയും നബി(സ) സ്നേഹിക്കുകയും ആദരിക്കുകയും അവരുടെ കാര്യങ്ങൾ നോക്കുകയും ചെയ്തിരുന്നു. ഹസ്റത്ത് അനസ്(റ) പറയുന്നു. ഒരിക്കൽ നബി(സ) ഒരു മജ്‌ലിസിൽ തന്റെ സഹചരരോടൊപ്പം ഇരിക്കുകയായിരുന്നു. മദീനയിലെ മാനസിക വിഭ്രാന്തിയുള്ള ഒരു സ്ത്രീ നബിയുടെ അടുക്കൽ വന്ന് പറഞ്ഞു: എനിക്ക് അങ്ങയെക്കൊണ്ട് കുറച്ചു പണിയുണ്ട്. എന്നാൽ ഇവരുടെ മുമ്പിൽവച്ച് ഞാൻ സംസാരിക്കാൻ ഇഷ്ടപ്പെടുന്നില്ല. എന്റെകൂടെ വന്ന് ഞാൻ പറയുന്നകാര്യങ്ങൾ കേൾക്കുക.

അവരുടെ സംസാരം കേട്ടുകൊണ്ട് നബി(സ) പറഞ്ഞു. മദീനയിൽ എവിടെ പോകാനാണോ നിങ്ങൾ ആഗ്രഹിക്കുന്നത് ഞാൻ നിങ്ങളോടൊപ്പം വരുന്നതാണ്. എവിടെ ആഗ്രഹിക്കുന്നുവോ അവിടെയിരുന്ന് നിങ്ങൾ പറയുന്നത് ഞാൻ കേൾക്കുകയും ചെയ്യും. നിങ്ങളുടെ ആവശ്യം കേട്ട് അത് പൂർത്തീകരിക്കാതെ ഞാനിവിടെ നിന്ന് പോകുകയില്ല. ഹസ്റത്ത് അനസ്(റ) പറയുന്നു. അവർ നബി(സ)യെ ഒരു വഴിയിലൂടെ കൊണ്ടുപോയി കുറെ ദൂരെ ഒരു സ്ഥലത്തിരുന്നു. നബി(സ) യും അവരോടൊപ്പം ഇരുന്നു. അവരുടെ ആവശ്യം കേട്ട് അത് പൂർത്തീകരിച്ച് കൊടുക്കുന്നതുവരെ നബ(സ) അവിടെയിരുന്നു.

ബുദ്ധിക്ക് മാന്ദ്യം സംഭവിച്ചവളാണെന്നോ, ദരിദ്രയാണെന്നോ കരുതി നബി(സ) അവരെ ഉപേക്ഷിച്ചില്ല. അവരോടും അങ്ങേയറ്റം വിനയത്തോടെ പെരുമാറി.

ഒരു സംഭവം വിവരിച്ചുകൊണ്ട് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. പൊങ്ങച്ചത്തിൽ നിന്നും അഹങ്കാരത്തിൽ നിന്നും ആത്മപ്രശംസയിൽ നിന്നും രക്ഷപ്പെടേണ്ടതാണ്. വിനയവും വണക്കവും കൈക്കൊള്ളേണ്ടതാണ്. നബി(സ)മഹാത്മാവും എല്ലാവിധ മാഹാത്മ്യത്തിനും അർഹതനേടിയ ആളുമായിരുന്നു. അവിടത്തെ വിനയത്തിന്റെയും വണക്കത്തിന്റെയും ഒരു മാതൃക പരിശുദ്ധ ഖുർആനിലുണ്ട്. എഴുതിയിരിക്കുന്നു.

ഒരു അന്ധൻ നബി(സ)യുടെ അടുക്കൽ വന്ന് വിശുദ്ധഖുർആൻ പഠിക്കാറുണ്ടായിരുന്നു. ഒരിക്കൽ നബിയുടെയടുക്കൽ മക്കയിലെ നേതാക്കൻമാരും മൂപ്പൻമാരും ഇരിക്കുകയായിരുന്നു. നബി(സ) അവരോട് സംസാരത്തിൽ മുഴുകി. കുറച്ചു താമസം നേരിട്ടതിനാൽ ആ അന്ധൻ എഴുന്നേറ്റ് പൊയ്ക്കളഞ്ഞു. ഇതൊരു നിസ്സാര സംഭവമായിരുന്നു. അല്ലാഹു തആല ഇതു സംബന്ധമായി ഒരു സൂറത്ത് ഇറക്കി. നബി(സ) അയാളുടെ വീട്ടിൽ പോയി അയാളെ കൂടെക്കൊണ്ട് വന്ന് തന്റെ പുതപ്പ് താഴെ വിരിച്ചിരുത്തി. യഥാർത്ഥമെന്താണെന്നു വെച്ചാൽ ആരുടെ ഹൃദയത്തിലാണോ ദൈവീക മഹത്വമുള്ളത് അവർക്ക് വിനയാന്വിതനും വണക്കത്തോടെ പ്രവർത്തിക്കുന്നവനുമാകേണ്ടിവരുന്നു. കാരണം അവരെപ്പോഴും അല്ലാഹുവിന്റെ അതുല്ല്യമായ ഇഷ്ടത്തിനുവേണ്ടി ചലിച്ചുകൊണ്ടിരിക്കുന്നവരാണ്.

ഈ വിനയത്തിന്റെ മറ്റൊരു ഉന്നതമായ മാതൃക നോക്കുക. നബി(സ) യുടെ വായിൽ നിന്ന് പുറത്തുവന്ന ഓരോ വാക്കും അല്ലാഹു സ്വീകരിച്ചിരുന്നു. എത്രത്തോളമെന്നാൽ നബി(സ)ക്ക് ഇങ്ങനെയും പ്രാർത്ഥിക്കേണ്ടതായും വന്നു. അല്ലാഹുവേ ഞാൻ ചിലപ്പോൾ ആരോടെങ്കിലും തമാശയായി എന്തെങ്കിലും പറയാറുണ്ട്. അക്കാരണത്താൽ നീ അവരെ ശിക്ഷിക്കരുതേ. അവരെ സുരക്ഷിതരാക്കി വെക്കേണമേ. തന്റെ എല്ലാകാര്യങ്ങളും അല്ലാഹു കേൾക്കുമെന്ന് ദൃഢ വിശ്വാസമുള്ള ഒരാൾ തനിക്കുവേണ്ടി ദുആചെയ്യാൻ മറ്റൊരാളോടു പറഞ്ഞാൽ അത് വിനയത്തിന്റെ പരമമായ അവസ്ഥയല്ലാതെ മറ്റെന്താണ്.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് ഉമർ(റ) ഉംറ ചെയ്യാൻ വേണ്ടി പോകാനൊരുങ്ങി. അതിനുവേണ്ടി നബി(സ)നോട് അനുവാദം ചോദിച്ചു. നബി(സ) അനുവാദം കൊടുത്തുകൊണ്ട് അങ്ങേയറ്റം വിനയത്തോടെ പറഞ്ഞു. എന്റെ സഹോദരാ താങ്കൾ താങ്കളുടെ ദുആയിൽ എന്നെ മറക്കരുത്. ഹസ്റത്ത് ഉമർ(റ) പറയുന്നു. എനിക്ക് ഇതുകേട്ടപ്പോൾ സന്തോഷമുണ്ടായി. എത്രമാത്രമെന്നാൽ ലോകം മുഴുവൻ എനിക്കുകിട്ടിയാൽ പോലും അത്ര സന്തോഷമുണ്ടാകുകയില്ല. ഹസ്റത്ത് ഉമറിനും ഈസന്തോഷമാണ് ഉണ്ടായത്, നബി(സ) ഇങ്ങനെ പറഞ്ഞസ്ഥിതിക്ക് തന്റെ മറ്റുദുആകളും അല്ലാഹു സ്വീകരിക്കും എന്ന ദൃഢവിശ്വാസം ഉണ്ടായതു കൊണ്ടാണ്. കാരണം നബി(സ) ഹസ്റത്ത് ഉമറിന്റെ ദുആ സ്വീകരിക്കുമെന്ന് അറിഞ്ഞുകൊണ്ടാണ് ദുആചെയ്യാൻ പറഞ്ഞത്. അല്ലാഹു തആല നബി (സ)ന് എല്ലാ പ്രവാചകന്മാരേക്കാളും ശ്രേഷ്ഠത നൽകി. ഖാത്തമുന്നബിയ്യീൻ എന്നുപറഞ്ഞു. എല്ലാ സമുദായത്തിന്റെയും നൻമ അവിടത്തെ കൈയ്യിൽ

സംഘടിക്കുന്നതുകൊണ്ടാണെന്നു പറഞ്ഞു. എന്നാൽ ഒരു മുസ്‌ലിമും യഹൂദിയും തമ്മിൽ വഴക്കുണ്ടാകുമ്പോൾ മുസ്‌ലിമിനെ ഉപദേശിക്കുകയും വഴക്കുപറയുകയുചെയ്യുന്നു. നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. ഒരു യഹൂദിയും മുസൽമാനും തമ്മിൽ വഴക്കുണ്ടായി. മുഴുലോകത്തും വെച്ച് ഏറ്റവും അധികം ശ്രേഷ്ഠത നബിക്ക്(സ) നൽകുകയും അദ്ദേഹത്തെ തിരഞ്ഞെടുക്കുകയും ചെയ്ത അല്ലാഹുവിനെക്കൊണ്ട് സത്യം എന്ന് മുസൽമാൻ പറഞ്ഞു. അപ്പോൾ യഹൂദിപറഞ്ഞു, മുഴുലോകത്തും വച്ച് ഏറ്റവും ശ്രേഷ്ഠത മൂസാ(അ)ന് നൽകുകയും അദ്ദേഹത്തെ തിരഞ്ഞെടുക്കുകയും ചെയ്ത അല്ലാഹുവിനെക്കൊണ്ട് സത്യമെന്ന് യഹൂദിയും പറഞ്ഞു. അപ്പോൾ മുസൽമാൻ യഹൂദിയുടെ കരണത്തടിച്ചു. യഹൂദി പരാതിയുമായി നബി(സ)യുടെ അടുക്കൽ വന്നു. സംഭവങ്ങളെല്ലാം നബി(സ)യോടു പറഞ്ഞു. നബി(സ) ആ മുസൽമാനെ വിളിച്ച് ഇതു സംബന്ധമായി ചോദിച്ചു. അയാളോട് ദേഷ്യപ്പെട്ടു കൊണ്ട് പറഞ്ഞു. **ലാ തുഖയ്യറൂനീ അലാ മൂസാ**. മൂസയെക്കാൾ എനിക്ക് ശ്രേഷ്ഠത നൽകരുത്.

നോക്കുക, അല്ലാഹുവിനോടുള്ള ഭയത്തിന്റെയും വിനയത്തിന്റെയും മറ്റൊരു ഉദാഹരണം കാണുക. ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. റസൂലുല്ലാഹി(സ) പറഞ്ഞു: നിങ്ങളിൽ ആരും തന്നെ നിങ്ങളുടെ കർമ്മംകൊണ്ട് മോക്ഷം പ്രാപിക്കുകയില്ല. അങ്ങും അങ്ങനെ തന്നെയാണോ എന്ന് സ്വഹാബത്ത് ചോദിച്ചു. അവിടന്ന് പറഞ്ഞു ഞാനും അങ്ങനെ തന്നെ. എന്റെ കർമ്മം കൊണ്ട് മോക്ഷം പ്രാപിക്കുകയില്ല. പക്ഷെ അല്ലാഹു തന്റെ കാരുണ്യത്തിന്റെ തണലിൽ എന്നെ എടുക്കുന്നതാണ്. അതായത് ആ കാരുണ്യത്തിന്റെ തണലിൽ എനിക്ക് മോക്ഷം ലഭിക്കും. അതുകൊണ്ട് നിങ്ങൾ നേരായ പാതയിലിരിക്കുക. ശരീഅത്തിനോട് ചേർന്നിരിക്കുക. രാവിലേയും വൈകുന്നേരവും രാത്രിനേരങ്ങളിലും ആരാധനയ്ക്കായി പുറപ്പെടുക. മധ്യമനില സ്വീകരിക്കുക. മധ്യമനില സ്വീകരിക്കുക; എന്നാൽ നിങ്ങൾ നിങ്ങളുടെ ലക്ഷ്യം പ്രാപിക്കുന്നതാണ്.

ഈ നബിയ്ക്ക് ബൈഅത്ത് ചെയ്യുന്നത് എനിക്ക് ബൈഅത്ത് ചെയ്യുന്നതിന് സമമാണെന്ന് അല്ലാഹു പറഞ്ഞു. അങ്ങനെയുള്ള നബി അല്ലാഹുവിന്റെ ഇഷ്ടത്തിന് വിരുദ്ധമായ എന്തെങ്കിലും ഒരിക്കലും തന്നിൽനിന്ന് ഉണ്ടാകുകയില്ലെന്ന് പറയുന്നില്ല. മറിച്ച് തന്റെ മനുഷ്യാവസ്ഥ മുന്നിൽ വച്ചുകൊണ്ട്, എനിക്കും എന്റെ കർമ്മംകൊണ്ട് ഒന്നും ലഭിക്കുകയില്ലെന്നും പ്രത്യുത കിട്ടുന്നതെല്ലാം അല്ലാഹുവിന്റെ കാരുണ്യവും അനുഗ്രഹവും കൊണ്ടാണ് ലഭിക്കുകയെന്നു പറയുന്നു.

മറ്റൊരവസരത്തിൽ തന്റെ ബന്ധുക്കളോടും മകൾ ഫാത്തിമയോടും പറഞ്ഞു. ഞാനുമായിട്ടുള്ള ബന്ധവും സ്നേഹവും അല്ലെങ്കിൽ എനിക്ക് നിങ്ങളോടുള്ള സ്നേഹവും പ്രേമവും നിങ്ങൾക്ക് പാപപ്പൊറുതിക്ക് കാരണമാകുമെന്ന് കരുതരുത്. നിങ്ങൾ അല്ലാഹുവിന്റെ അനുഗ്രഹം കരസ്ഥമാക്കാൻ ശ്രമിക്കുക. ഫാത്തിമയോടു പറഞ്ഞു. നീ റസൂലിന്റെ മകളായതുകൊണ്ട് നിന്നോട് അല്ലാഹു വിട്ടുവീഴ്ച ചെയ്യുമെന്ന് നീ ഒരിക്കലും കരുതരുത്. നബി(സ)ന് ശിപാർശചെയ്യാൻ അനുവാദം ഉണ്ടായിരുന്നിട്ടുകൂടിയാണ് ഇത് പറയുന്നത്. എന്റെ ഓമനപുത്രി ഫാത്തിമാ! എന്തെങ്കിലും കർമ്മം നീചെയ്തിട്ടുണ്ടെങ്കിൽ, ഞാൻ അല്ലാഹുവിനോട് ശിപാർശ ചെയ്യുമെന്ന് അവിടന്ന് പറയുന്നില്ല. അങ്ങനെ നിനക്ക് പൊറുത്തു കിട്ടുമെന്നും പറയുന്നില്ല. പറഞ്ഞു: എനിക്ക് ഒന്നും ചെയ്യാൻ പറ്റുകയില്ല. അതുകൊണ്ട് അവനോട് അനുഗ്രഹവും കാരുണ്യവും തേടാൻ ശ്രമിക്കുക. കാരണം എന്നെയും അവന്റെ കാരുണ്യത്തിന്റെ ചാദുർ തന്നെ പൊതിയണം.

വിനയത്തിന്റെ മറ്റൊരു കാഴ്ച നോക്കുക. മറ്റാരെങ്കിലുമാണ് ആസ്ഥാനത്തെങ്കിൽ അഭിമാനം കൊണ്ട് തല ഉയർത്തിപിടിക്കുമായിരുന്നു. മുഖത്ത് സന്തോഷം അലതല്ലുമായിരുന്നു. അഹങ്കാരമുണ്ടാകുമായിരുന്നു. വിജയം കൈവരിച്ചതിനുശേഷം ശത്രുക്കളുടെ കുട്ടികളേയും വൃദ്ധരേയും പോലും ചവുട്ടിമെതിക്കുമായിരുന്നു. എന്നാൽ എതൊരു പ്രൗഢിയോടും ശക്തിയോടും കൂടിയാണോ അവിടന്ന് മക്കകീഴടക്കിയത് അപ്പോഴുണ്ടാകുന്ന അവിടത്തെ മാനസികാവസ്ഥയുടെ പ്രകടനവും അനിയന്ത്രിതമായി അവിടത്തെ കർമ്മത്തിൽ പ്രതിഫലിച്ചു. ചരിത്രത്തിൽ അതിങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. നബി(സ) പതിനായിരം പരിശുദ്ധരോടൊപ്പം വിജയശ്രീലാളിതനായി ക്കൊണ്ട് മക്കയിൽ പ്രവേശിച്ചു. ആ ദിനം അവിടത്തെ സന്തോഷത്തിന്റെ പ്രകടിപ്പിക്കാനുള്ളതായിരുന്നു. എന്നാൽ നബി(സ) അല്ലാഹുവിന്റെ ഈ അനുഗ്രഹപ്രകടനത്തിൽ അല്ലാഹുവിന്റെ വഴിയിൽ വിനയാന്വിതനായി നിന്നു. അല്ലാഹു എത്രമാത്രം സ്ഥാനം ഉയർത്തിയോ അവിടന്ന് വിനയത്തിൽ അത്രമാത്രം താണു. മക്കയിൽപ്രവേശിച്ചപ്പോൾ അവിടത്തെ തല കുനിഞ്ഞുകുനിഞ്ഞ് ഒട്ടകത്തിന്റെ പുറത്തുചെന്ന് മുട്ടി. അല്ലാഹുവിന്റെ അടയാളങ്ങൾ വെളിപ്പെട്ടതിൽ അവനെ സ്തുതിക്കുന്നതിലും വാഴ്ത്തുന്നതിലും മുഴുകി.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: അല്ലാഹുവിന്റെ പ്രത്യേകരായ ആളുകൾക്ക് നൽകപ്പെടുന്ന ഔന്നത്യം അതായത് ഉന്നതിയും ഉന്നതമായ സ്ഥാനവും അത് വിനയത്തിന്റെ നിറത്തിൽ പ്രത്യക്ഷപ്പെടുന്നു. എന്നാൽ ശയ്ത്വാന്റെ ഔന്നത്യം, അഹങ്കാരം കൂടികലർന്നതായിരിക്കും നോക്കുക നമ്മുടെ നബി(സ)മക്ക കീഴടക്കിയപ്പോൾ

വിപത്തുകളും ബുദ്ധിമുട്ടുകളും നേരിടേണ്ടിവന്ന കാലഘട്ടത്തിൽ അല്ലാഹുവിന്റെ മുമ്പിൽ കുമ്പിട്ടതുപോലെ നബി(സ) അല്ലാഹുവിന്റെ മുമ്പിൽ കുമ്പിട്ടു. സുജൂദുചെയ്തു. ഈ മക്കയിലാണ് നബി(സ)യ്ക്ക് എല്ലാതരം എതിർപ്പുകളും വിഷമങ്ങളും ഏറ്റവും കൂടുതൽ ഉണ്ടായത്. താൻ ഏതു പരിതസ്ഥിതിയിലാണ് ഇവിടെ നിന്ന് പോയത് ഇപ്പോൾ ഏതു പരിതസ്ഥിയിലാണ് ഇവിടെ വന്നിട്ടുള്ളത് എന്ന്നബി(സ) നോക്കിയപ്പോൾ അവിടത്തെ ഹൃദയം അല്ലാഹുവിനോടുള്ള നന്ദിയാൽ നിറഞ്ഞു. അവിടന്ന് സൂജൂദ് ചെയ്തു.

ഇതാണ് വിനയത്തിന്റെ ഉന്നതമായ മാതൃക. ശക്തിയും വിജയവും കരസ്ഥമാക്കിയതിനുശേഷവും നബി(സ) അതുകാണിച്ചു. ഈ വിജയങ്ങൾ കൊണ്ട് അല്ലാഹു എങ്ങനെയൊക്കെയാണ് നബി (സ)യെ അനുഗ്രഹിച്ചത്.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു. ഇസ്റാഫീൽ, നബി(സ) യോടു പറഞ്ഞു. അല്ലാഹു തആലയ്ക്ക് വേണ്ടി താങ്കൾ സ്വീകരിച്ച ഈ വിനയത്തിന് പാരിതോഷികമെന്നോണം അല്ലാഹു തആല താങ്കളെ ഖിയാമത്തുന്നാളിൽ എല്ലാ ആദം സന്തതികളുടേയും നേതാവാക്കിയിരിക്കുന്നു. ആദ്യം ഉയർത്തെഴുന്നേൽക്കുന്നതും ആദ്യത്തെ ശിപാർകനും താങ്കളായിരിക്കും.

ഹജ്ജത്തുൽ വിദായുടെ അവസരത്തിൽ അവിടന്ന് ദുആചെയ്തു. ആ വാക്കുകൾ ഇതായിരുന്നു. അല്ലാഹുവേ! നീ എന്റെ കാര്യങ്ങൾ കേൾക്കുന്നു. എന്റെ അവസ്ഥയെക്കാണുന്നു. പരസ്യവും രഹസ്യവുമായ എന്റെ എല്ലാ കാര്യങ്ങളും നീ നല്ലവണ്ണം അറിയുന്നു. എന്റെ ഒരു കാര്യവും നിന്നിൽ മറഞ്ഞിരിക്കുന്നില്ല. ഞാനൊരു ഫഖീറും നിന്നെ ആശ്രയിച്ചു നിൽക്കുന്നവനുമാണ്. നിന്റെ സഹായവും ഐശ്വര്യവും ഞാൻ തേടുന്നു. ഭയന്നും പേടിച്ചും എന്റെ പാപത്തെ സമ്മതിച്ചും അതംഗീകരിച്ചും നിന്റെയടുക്കൽ ഞാൻ വന്നിരിക്കുന്നു. ഒന്നിനും കഴിവില്ലാത്ത ഒരുമിസ്ക്കീനെപോലെ ഞാൻ നിന്നോട് ചോദിക്കുന്നു. അതെ നിന്റെ സന്നിധിയിൽ നിന്ദ്യനായ ഒരു പാപിയെപ്പോലെ ഞാൻ നിലവിളിക്കുന്നു. ഒരു അന്ധനെപോലെ ദുർഗതിയെ ഭയപ്പെട്ടുകൊണ്ട് നിന്നോട് ഈ ദുആചെയ്യുന്നു. എന്റെ കഴുത്ത് നിന്റെ മുമ്പിൽ കുനിഞ്ഞിട്ടാണുള്ളത്. എന്റെ കണ്ണീർ നിന്റെ സന്നിധിയിൽ ഒഴുകിക്കൊണ്ടിരിക്കുന്നു. എന്റെ ശരീരം നിന്നെ അനുസരിച്ചുകൊണ്ട് സുജൂദിൽ കിടക്കുന്നു. എന്റെ നാസികയിൽ മണ്ണുപുരണ്ടിരിക്കുകയാണ്. അല്ലാഹുവേ നിന്റെ സന്നിധിയിൽ ദുആ ചെയ്യുന്നകാര്യത്തിൽ നീ എന്നെ നിർഭാഗ്യവാനാക്കരുതേ! എന്നോട് ദയയും കരുണയും കാണിക്കേണമേ. യാചനയെ ഏറ്റവും അധികം കേൾക്കുന്നവനും ഏറ്റവും കൂടുതൽ നൽകുന്നവനുമാണ് നീ.

നോക്കുക, അല്ലാഹുവിൽ നിന്ന് ഇത്രയധികം സമാധാനപ്പെടുത്തലുകളും പാരിതോഷികങ്ങളും ലഭിച്ചിട്ടും - ഖുർആനിൽ പലയിടത്തും ഇത് പറഞ്ഞിട്ടുണ്ട് - താൻ അല്ലാഹുവിന്റെ ഒരു ദാസനാണെന്ന വിചാരം എപ്പോഴും മുന്നിൽ കണ്ടു. അവസാനം വരെ അല്ലാഹുവിൽ നിന്ന് അവന്റെ കരുണയും അനുഗ്രഹവും ചോദിച്ചു കൊണ്ടേയിരുന്നു.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു: അല്ലാഹുവിന്റെ ഇഷ്ടത്തിൽ ലയിച്ചിരിക്കുന്ന ആളുകൾ തങ്ങൾക്ക് എന്തെങ്കിലും പദവിയോ നേതൃത്വമോ കിട്ടണമെന്ന് ആഗ്രഹിക്കുകയില്ല. ആ നേതൃസ്ഥാനത്തേക്കാളും പദവിയേക്കാളും അവർ എകാന്തത ഇഷ്ടപ്പെടുന്നു. എന്നാൽ അവരെ അല്ലാഹു പതുക്കെ പതുക്കെ സൃഷ്ടിയുടെ നൻമക്കായി നിയോഗിക്കുന്നു. നമ്മുടെ നബി(സ) യും ഗുഹയിലാണ് താമസിക്കാറുണ്ടായിരുന്നത്. ആരെങ്കിലും തന്നെ അറിയണമെന്നാഗ്രഹിച്ചിരുന്നില്ല. അവസാനം അല്ലാഹു ആ മഹാത്മാവിനെ പുറത്തു കൊണ്ടുവന്നു. ലോകജനതയുടെ സൻമാർഗ്ഗത്തിന്റെ ഭാരം ആ മഹാത്മാവിനെ ഏൽപ്പിച്ചു. നബി(സ)യുടെ അടുത്ത് ആയിരക്കണക്കിന് കവികൾ വരുമായിരുന്നു. നബിയെപുകഴ്ത്തിക്കൊണ്ട് കവിത ചൊല്ലുമായിരുന്നു. എന്നാൽ, ആ പുകഴ്ത്തൽ കേട്ട് നബി(സ) പൊങ്ങിയിരുന്നു എന്ന് ധരിക്കുന്ന ഹൃദയം ശപിക്കപ്പെട്ടതാണ്. അവിടന്ന് അതിനെ ചത്ത കീടത്തെപോലെയാണ് കരുതിയത്. അല്ലാഹു ആകാശത്ത് നിന്ന് പുകഴ്തുന്ന പുകഴ്തലിലാണ് ആനന്ദമുള്ളത്. അല്ലാഹുവിനോടുള്ള സ്നേഹത്തിൽ ലയിച്ചുകിടക്കുന്നവർ ഭൗതികമായ സ്തുതിയും കർമ്മങ്ങളും ഗൗനിക്കാറില്ല. ഈ സ്ഥാനമെന്നു പറയുന്നത് അല്ലാഹു ആകാശത്തുനിന്നും അർശിൽ നിന്നും അവരെ സ്തുതിക്കുന്ന സ്ഥാനമാണ്. **അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വഅലാ ആലിമുഹമ്മദിൻ ഇന്നക്ക ഹമീദു മ്മജീദ്.**

**വിവർത്തനം** : മുഹമ്മദ് ഇസ്മായീൽ H.A ആലപ്പുഴ
**MOBILE : 98951 26027**

**MTA** യിൽ നിന്ന് തർജ്ജമ ചെയ്തത്

JUMUA KHUTHBA:
**HADHRAT MIRZA MASROOR AHMAD**
KHALIFATHUL MASIH - V
on 11 - 03 - 2005 at
Baithul Futuh, London.

| | | |
|---|---|---|
| Fax no: Kozhikkod | - | 0495 2721609 |
| Ahmadiyya Book Stall | - | 0495 5520733 |
| AMEER SB. | - | 94479 48757 |

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**